## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5958 — 07.07.2014 ലെ മറുപടിയ്ക്ക്

# കിസാൻ കാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.എ.മാധവൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കിസാൻ കാർഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കിസാൻ കാർഡുകൾ കൃഷി വകുപ്പ് മുഖേന വിതരണം ചെയ്യുന്നില്ല. എന്നാൽ സംസ്ഥാനത്തെ വാണിജ്യബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും മുഖേന 1999 മുതൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകി വരുന്നു. സംസ്ഥാനത്ത് 2014 മാർച്ച് 31 വരെ 17.31 ലക്ഷം കിസാൻ ക്രെഡിറ്റ് കാർഡുകൾ നിലവിലുണ്ട്. ഇതുവഴി നിലവിലുള്ള കാർഷിക വായ്പ 10961 കോടി രൂപയാണ്. |
| (ബി) കിസാൻ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(സി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;<br><br>(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കാർഡുകൾ വഴി കർഷകർക്ക് ലഭ്യമാകുന്നത്? | (ബി), (സി) & (ഡി) കിസാൻ ക്രെഡിറ്റ് കാർഡുള്ള കർഷകർക്ക് താഴെപറയുന്ന ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതാണ്.<br>1. കൃഷിക്ക് ആവശ്യമുള്ള ഹ്രസ്വകാല വായ്പകൾ<br>2. വിളവെടുപ്പിന് ശേഷമുള്ള വിപണനത്തിനായുള്ള വായ്പകൾ<br>3. കർഷക ഉല്പന്നങ്ങളുടെ വിപണനത്തിനായുള്ള വായ്പകൾ<br>4. കർഷക കുടുംബങ്ങളുടെ ഉപഭോഗ ആവശ്യത്തിനുള്ള വായ്പകൾ<br>5. കാർഷിക അനുബന്ധ മേഖലകളിലെ മൂലധന നിക്ഷേപം നിലനിർത്തുന്നതിനുള്ള വായ്പകൾ<br>6. പമ്പ് സെറ്റുകൾ, സ്പ്രെയറുകൾ, ക്ഷീരോല്പാദന മൃഗങ്ങൾ (ഡയറി ആനിമൽ) എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾ.<br><br>2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കിയ 18.77 ലക്ഷം കർഷകർക്ക് 'അഗ്രി കാർഡ്' വിതരണം ചെയ്യുന്നതിന് കാനറാ ബാങ്ക്/എസ്.എൽ.ബി.സി. നടപടി കൈകൊണ്ടു |

വരുന്നു. ഈ കാർഡുകൾ അടിസ്ഥാന രേഖയായി സ്വീകരിച്ച് കൊണ്ട് താഴെപറയുന്ന സൗകര്യങ്ങൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കാനാണ് ബഡ്ജറ്റിൽ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുളളത്.

എ) കർഷകർക്കായുളള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും വായ്പകളും മറ്റ് സഹായങ്ങളും.

ബി) ബാങ്കുകളിൽ നിന്നും 4% പലിശ നിരക്കിൽ കാർഷിക വായ്പ (ക്രോപ്പ് ലോൺ)

സി) 7% പലിശനിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതന്റെ 50% പലിശ സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ